# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 95      28.05.2019- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്കായി നടപ്പാക്കിയ ക്ഷേമപദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പരിപാടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വിമാനത്താവളങ്ങളിൽ അടിയന്തര ആംബുലൻസ് സേവനം<br>2. ലോകത്താകമാനമുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ലോക കേരള സഭ<br>3. ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡേറ്റബെയ്സും<br>4. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച കാൾ സെന്റർ<br>5. നോർക്ക-റൂട്ട്സിന്റെ നവീകരിച്ച വെബ്പോർട്ടൽ<br>6. എൻ.ബി.എഫ്.സി. (നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ) (NBFC)<br>7. നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും വിമാനയാത്രാനിരക്കിൽ 7% ഇളവ് ലഭിക്കുന്ന നോർക്ക ഫെയർ പദ്ധതി.<br>8. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പ്രവാസി ക്ഷേമ പെൻഷൻ 2,000/- രൂപയായി വർദ്ധിപ്പിച്ചു. ഈ |

| | | | |
|---|---|---|---|
| | | | സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 10600 പേർക്ക് 44,37,17,487/- രൂപ പെൻഷനായും 2777 പേർക്ക് 3,99,89,223/- രൂപ വിവിധ ആനുകൂല്യങ്ങളായും നൽകിയിട്ടുണ്ട്.<br>പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം, പാവപ്പെട്ട പ്രവാസികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്, മാവേലിക്കരയിൽ ലോക കേരള കേന്ദ്രം എന്നീ പുതിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് വിഭാവനം ചെയ്തിരിക്കുന്ന ഇന്റർനാഷണൽ മൈഗ്രേഷൻ സെന്ററുമായി സഹകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രവാസിക്ഷേമ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ? | ബി) | 30.04.2016-ൽ ചുമതലയേറ്റ പ്രവാസി ക്ഷേമ കമ്മീഷൻ നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ 59 സിറ്റിംഗുകളും/ ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.<br>പ്രവാസികളുടെ പരാതികൾക്ക് വിവിധ സർക്കാർ വകുപ്പുകളും/ എജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, തിരികെ വന്ന പ്രവാസികളിൽ സേവനാനുകൂല്യങ്ങൾ ലഭിക്കാതിരിക്കുന്ന വർക്ക് അവ ലഭ്യമാക്കുവാൻ വേണ്ട സഹായം ചെയ്യുക, തിരികെ എത്തിയ പ്രവാസികൾ ജീവനോപാധിയ്ക്കായി തുടങ്ങുന്ന വിവിധ സംരംഭങ്ങൾക്ക് അനുമതി നിരസിക്കുന്ന സാഹചര്യങ്ങളിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് പരിഹാരം നിർദ്ദേശിക്കുക, പ്രവാസികൾക്കുണ്ടാകുന്ന വസ്തു/അതിർത്തി തർക്കം, കുടുംബപ്രശ്നങ്ങൾ, ധനപരമായ കബളിപ്പിക്കൽ, പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും നോർക്ക റൂട്ട്സിൽ നിന്നും മറ്റും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ നേടികൊടുക്കുക എന്നിവയെല്ലാം അതാത് വകുപ്പ്/ ഏജൻസികളുമായി ബന്ധപ്പെട്ട് പരിഹാരം |

| | | | |
|---|---|---|---|
| | | | കണ്ടെത്തുക എന്നിവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. ഇതിനെല്ലാം ഉപരിയായി ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ അവിടെയുള്ള കേരളീയരായ പ്രവാസികളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**